## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 913** **12-06-2024 - ൽ മറുപടിയ്ക്ക്**

## അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ അട്ടപ്പാടിയിൽ എത്ര ശിശു മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; ഓരോന്നിലും മരണകാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതു വരെ അട്ടപ്പാടി മേഖലയിൽ 85 പട്ടികവർഗ്ഗ ശിശുമരണങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ മരണങ്ങൾ എല്ലാം തന്നെ ജന്മനാലുള്ള അസുഖങ്ങൾ, മുലയൂട്ടുമ്പോൾ കുഞ്ഞിന് അനുഭവപ്പെടുന്ന ശ്വാസതടസ്സം (Milk Aspiration) മൂലമോ ആണ് സംഭവിച്ചിട്ടുള്ളതെന്ന് ആരോഗ്യ വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ശിശു മരണങ്ങൾ ഒഴിവാക്കുന്നതിന് വകുപ്പ് പ്രസ്തുത കാലയളവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) | അട്ടപ്പാടി മേഖലയിലെ സ്ത്രീകളുടെയും, കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനായി നടപ്പാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**<u>ജനനീജന്മരക്ഷ പദ്ധതി</u>**<br><br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അമ്മയ്ക്കും കുഞ്ഞിനും വേണ്ട പരിചരണവും പോഷകാഹാര ലഭ്യതയും ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ജനനീ ജന്മരക്ഷാ പദ്ധതി. ഈ പദ്ധതി പ്രകാരം ഗർഭാവസ്ഥയിലെ മൂന്നാം മാസം മുതൽ 18 മാസത്തേയ്ക്ക് പ്രതിമാസം 2000/- രൂപ ധസഹായം അനുവദിക്കുന്നു.<br><br>**<u>വാൽസല്യ സ്പർശം പദ്ധതി</u>**<br><br>അട്ടപ്പാടിയിൽ കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായ നവജാത ശിശുമരണങ്ങളിൽ ഏറിയവയും മിൽക്ക് ആസ്പിറേഷൻ മൂലമാണെന്ന് ആരോഗ്യ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നവജാത ശിശുക്കളുടെ അമ്മമാർക്ക് രാത്രി കാലങ്ങളിൽ മുലയൂട്ടൽ അപകടരഹിതമാക്കുന്നതിന് സഹായിക്കുന്നതിനായി അഗളി, ഷോളയൂർ, പുതൂർ ഗ്രാമപഞ്ചായത്തുകളിലായി ഒന്നു വീതം ഫീൽഡ് |

നേഴ്സുമാരെ വൽസല്യ സ്പർശം പദ്ധതിയിൽ ഉൾപ്പെടുത്തി നിയമിച്ചിട്ടുണ്ട്.

__ട്രൈബൽ ഹെൽത്ത് അന്റ് ന്യൂട്രീഷ്യൻ കൺസൾട്ടന്റ്__

അട്ടപ്പാടി ഉൾപ്പെടെയുള്ള പട്ടികവർഗ മേഖലകളിലെ ആരോഗ്യ പോഷകക്ഷേമ പ്രവർത്തനങ്ങൾ കോർഡിനേറ്റ് ചെയ്യുന്നതിനായി യുണൈറ്റഡ് നേഷൺസ് ഇന്റർനാഷണൽ ചിൽഡ്രൻസ് എമർജൻസി ഫണ്ട് (UNICEF) -ന്റെ സാമ്പത്തിക സഹായത്തോടെ ഒരു കൺസൾട്ടന്റിനെ (ട്രൈബൽ ഹെൽത്ത് ആന്റ് ന്യൂട്രിഷ്യൻ കൺസൾട്ടന്റ്) നിയമിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

__ഊരിന്റെ താരാട്ട് പദ്ധതി__

അട്ടപ്പാടിയിലെ ഗർഭസ്ഥ ശിശുക്കളുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കുമായി പട്ടികവർഗ വികസന വകുപ്പും പാലക്കാട് ജില്ലാ ഭരണകൂടവും സംയുക്തമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഊരിന്റെ താരാട്ട് പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി വിവിധ ക്യാമ്പയിനുകളും ബോധവത്ക്കരണ ക്യാമ്പുകളും പരിശീലനവും നടപ്പിലാക്കി വരുന്നുണ്ട്.

ഊരിന്റെ താരാട്ടിന്റെ ഭാഗമായി അട്ടപ്പാടി മേഖലയിലെ ഗർഭസ്ഥ ശിശുവിനും അമ്മയ്ക്കും ആവശ്യമായ നിയോനേറ്റൽ കിറ്റ് വിതരണം ചെയ്യുന്നതിനായി 'സ്നേഹപൂർവ്വം അമ്മയ്ക്ക് 'എന്ന പദ്ധതി ആവിഷ്കരിക്കുകയും കിറ്റ് വിതരണം ചെയ്തു വരികയും ചെയ്തിട്ടുണ്ട്.

അട്ടപ്പാടി മേഖലയിലെ വികസന ക്ഷേമ പ്രവർത്തനങ്ങൾ ഒറ്റപ്പാലം സബ് കളക്ടറുടെ നേതൃത്വത്തിൽ എല്ലാ ആഴ്ചയിലും പാലക്കാട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മാസത്തിൽ ഒരിക്കലും, കൂടാതെ ബഹു. എം.പി., ബഹു.എം.എൽ.എ എന്നിവർ ഉൾപ്പെടുന്ന കോർഡിനേഷൻ സമിതിയുടെ നേതൃത്വത്തിൽ 3 മാസത്തിൽ ഒരിക്കലും വിലയിരുത്തി നടപടികൾ സ്വകരിച്ചു വരികയും ചെയ്യുന്നുണ്ട്.

കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പാലക്കാട് മെഡിക്കൽ കോളേജിൽ നിന്നുള്ള വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അധികമായി ഒരു ആംബുലൻസിന്റെ സേവനം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് സഹായം എത്തിക്കുന്നതിനായി ഹെൽപ് ഡസ്ക് രൂപീകരിച്ച്, 24 മണിക്കൂർ സേവനം ലഭ്യമാക്കി വരുന്നുണ്ട്.<br><br>പോഷകാഹാര ലഭ്യത വിവിധ പദ്ധതികളിലൂടെ ഉറപ്പ് വരുത്തിയിട്ടുണ്ട്.<br><br>ഐ.റ്റി.ഡി.പി-യുടെ ആംബുലൻസ് സർവീസ് 24 മണിക്കൂർ ലഭ്യമാക്കി.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള കൗൺസിലർമാരുടെ സേവനം പ്രയോജനപ്പെടുത്തി കൗൺസിലിംഗ് ആരംഭിച്ചു.<br><br>ഗർഭിണികൾക്ക് പ്രത്യേക പോഷകാഹാര കിറ്റുകൾ നൽകി വരുന്നു.<br><br>അട്ടപ്പാടി പി.വി.റ്റി.ജി. മേഖലയിലെ ആരോഗ്യ കാര്യങ്ങളിൽ നേരിട്ട് ഇടപെടുന്നതിനായി പുതിയൊരു മൊബൈൽ മെഡിക്കൽ യൂണിറ്റ് പ്രവർത്തനം നടത്തി വരുന്നു.<br><br>സൗജന്യ ചികിത്സ ഉറപ്പ് വരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.<br><br>സിക്കിൾസെൽ അനീമിയ രോഗികൾക്ക് പ്രതിമാസം 2500/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നുണ്ട്.<br><br>പ്രതിരോധ കുത്തിവയ്പ്പ് നൽകൽ, വിളർച്ചയുള്ള കുട്ടികളെയും ഗർഭിണികളെയും കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ എന്നവയും നടത്തി വരുന്നു. കൂടാതെ കുട്ടികൾക്കും, ഗർഭിണികൾക്കും അയൺ, ഫോളിക് ആസിഡ്, വിറ്റാമിനുകൾ എന്നിവ കൃത്യമായി വിതരണം ചെയ്ത് വരുകയും ചെയ്യുന്നു. ഇപ്പോൾ ശിശുമരണ നിരക്ക് വളരെ കുറഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ